## ചികിത്സാ സഹായം

86 (6516) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ശ്രീമതി മിനി (W/o ശ്രീ. സന്തോഷ്) കക്കോട്ടും പടിക്കൽ കോരാമ്പ്രികണ്ടിപറമ്പ് ചെലപ്രം ചേളനൂർ, ചികിത്സാ സഹായം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## ചെലവേറിയ ശസ്ത്രക്രിയകൾക്കുള്ള സഹായം

87 (6517) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ചെലവേറിയ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്ന പാവപ്പെട്ട രോഗികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത് എന്നും സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ചെലവേറിയ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്ന പാവപ്പെട്ട രോഗികൾക്ക് പ്രധാനമന്ത്രിയുടെ ചികിത്സാ ധനസഹായ ഫണ്ടിൽ നിന്നും ആരോഗ്യ വകുപ്പിന്റെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ ഫണ്ടിൽനിന്നും ആർ.എസ്.ബി.വൈ, ചിസ്; താലോലം, ക്യാൻസർ സുരക്ഷ തുടങ്ങിയ പദ്ധതികളിലൂടെയും മനോരമ, മുത്തൂറ്റ് ഫിനാൻസ് തുടങ്ങിയ സ്വകാര്യ സംഘടനകളിലൂടെയും ചികിത്സാ സഹായം നൽകിവരുന്നു. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷകൾ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയതിനുശേഷം രോഗികൾക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്.

## ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും ധനസഹായം

88 (6518) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യകുടുംബക്ഷേമവകുപ്പ് മന്ത്രിയുടെ സഹായനിധിയിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയ്ക്കാണ് ധനസഹായം നൽകുന്നത് എന്ന് വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) പരമാവധി എത്ര തുകയാണ് സഹായമായി നൽകുന്നത് ;

(സി) ഇങ്ങനെ ലഭിക്കുന്ന തുക ചികിത്സ നടത്തുന്ന ആശുപത്രിയിലേക്ക് മാത്രമേ അനുവദിക്കൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ചികിത്സ കഴിഞ്ഞുപോകുന്ന ആളുകൾക്ക് നേരിൽ കിട്ടുന്ന തരത്തിൽ സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) 24,000 രൂപയിൽ താഴെ വാർഷികവരുമാനമുള്ള എല്ലാ രോഗികൾക്കും ആരോഗ്യ വകുപ്പുമന്ത്രിയുടെ സഹായനിധിയിൽനിന്നും ധനസഹായം നൽകുന്നു.

(ബി) പരമാവധി 2000 രൂപയാണ് ആരോഗ്യ വകുപ്പുമന്ത്രിയുടെ സഹായനിധിയിൽനിന്നും ധനസഹായം നൽകുന്നത്.

(സി) നിർദ്ദേശിച്ചിട്ടില്ല.

(ഡി) ആരോഗ്യ വകുപ്പുമന്ത്രിയുടെ സഹായനിധിയിൽനിന്നുള്ള ധനസഹായം അപേക്ഷകർക്ക് മണിയോർഡറായിട്ടാണ് അനുവദിച്ചുവരുന്നത്.

**ത്വക്ക്/കാൽപ്പാദ രോഗങ്ങൾ**

**89 (6519)** <u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ താലൂക്കുകളിൽ നിരവധിപേർക്ക് ത്വക്ക് വരണ്ട് ഉണങ്ങി, കാൽപ്പാദം വിണ്ടുകീറി പാദം നിലത്ത് ചവിട്ടാൻ കഴിയാതെ രോഗം ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) തോട്ടം മേഖലയോടു ചേർന്നുള്ള കായലുകൾ, തോടുകൾ, അരുവികൾ എന്നിവയുടെ സമീപത്ത് താമസിക്കുന്നവർക്കാണ് ഈ രോഗം ബാധിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ മേഖലകളിലെ തോട്ടങ്ങളിലും എസ്റ്റേറ്റുകളിലും നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നതായുള്ള എന്തെങ്കിലും വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളിലെ വിവിധ താലൂക്കുകളിൽ നിരവധി പേർക്ക് ത്വക്ക് വരണ്ട് ഉണങ്ങി, കാൽപ്പാദം വിണ്ടുകീറി നിലത്ത് ചവിട്ടാൻ കഴിയാത്ത അവസ്ഥയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly